AUGUST 2023

www.loaffamilies.com

# LOAF TIDINGS

Trimonthly Newsletter of Legion of Apostolic Families

Joy of Love in Family

## കുടുംബം ഒരു പ്രത്യയശാസ്ത്രമല്ല; പകരം അത് ഒരു യാഥാർത്ഥ്യമാണെന്ന്

**ഫ്രാൻസിസ് മാർപാപ്പ.**



ഫ്രാൻസീസ് പാപ്പയെ കാണാൻ വന്ന ഒരു കുടുംബത്തോട് തമാശ രൂപത്തിൽ പാപ്പ ചോദിച്ചു നിങ്ങൾക്ക് ഇതുവരെ മടുത്തില്ലേ എന്ന്. 'പിതാവേ, ഞങ്ങൾ അറുപത് വർഷമായി ഒരുമിച്ച് ജീവിക്കുന്നു അവളുടെ 18ാം വയസിൽ അവളെ ഞാൻ കൂടെ കൂട്ടിയതാണ്; എനിക്ക് അന്ന് 20 വയസ്സ് ആയിരുന്നു' എന്നാണ് അദ്ദേഹം പറഞ്ഞത്. അവർക്ക് കുടുംബം ജീവിതം ബോറടിച്ചിട്ടില്ല എന്നും, മക്കളും കുഞ്ഞുമക്കളുമായി എന്നും കുടുംബ ജീവിതം ആസ്വദിച്ചിരുന്നു എന്ന് പറഞ്ഞതും പാപ്പ പങ്കുവെച്ചു.

ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ച മോത്തു പ്രോപ്രിയ ആയ 'സുമ്മ ഫാമിലിയേ ക്യൂറ' വിവരിച്ച് കൊണ്ട് വിവാഹത്തിന്റേയും –കുടുംബത്തിന്റേയും തലത്തിലുള്ള തിരുസഭയുടെ ദൗത്യവും, ദാമ്പത്യബന്ധവും ദൈവശാസ്ത്രത്തെ കുടുംബാവസ്ഥയുമായി കൂടുതൽ മൂർത്തമായി ചേർക്കപ്പെടാൻ സഭ ആഗ്രഹിക്കുന്നതായി പറഞ്ഞു. 'ഇക്കാലത്ത് എല്ലാ കുടുംബ ബന്ധങ്ങളിലും പ്രതിസന്ധികളും പരീക്ഷണങ്ങളും ഉണ്ടാകുമ്പോൾ ദൈവാശ്രയ ബോധത്തിലും, പ്രാർത്ഥനയിലും ശാക്തിപ്രാപിക്കണം എന്ന് പാപ്പ പറയുന്നു. നാം നാശത്തിന്റെ പ്രവാചകന്മാരല്ല, പ്രത്യാശയുടെ പ്രവാചകന്മാരാണ് എന്നാണ് മാതാപിതാക്കളെ പറ്റി പാപ്പ പറയുന്നത്.

അതിനാൽ, പ്രതിസന്ധിയുടെ സാഹചര്യങ്ങളിൽ ആശ്വാസകരമായ അടയാളങ്ങൾ നാം ഒരിക്കലും കാണാതെ പോകില്ല എന്നും നമ്മൾ കുടുംബത്തെ സംരക്ഷിക്കണം എന്നും അദ്ദേഹം പറയുന്നു. എന്നാൽ സംരക്ഷണം എന്നത് തടവിലാക്കൽ അല്ല എന്നും, അത് വളരേണ്ടതുപോലെ വളർത്തുകയാണെന്നും പാപ്പ കൂട്ടി ചേർത്തു.

പലപ്പോഴും ആശയപരമായ തലത്തിൽ നിന്ന് കുടുംബത്തെ വീക്ഷിക്കുമ്പോൾ വിവിധ പ്രത്യയശാസ്ത്രങ്ങളെ സൂക്ഷിക്കണമെന്നും, കുടുംബം ഒരു പ്രത്യയശാസ്ത്രമല്ല പകരം അത് ഒരു യാഥാർത്ഥ്യമാണെന്നും പാപ്പ പറയുന്നു. പരസ്പരം സ്നേഹിക്കുകയും സൃഷ്ടി കർമ്മത്തിൽ പങ്ക് ചേരുകയും ചെയ്യുന്ന ഭാര്യാ ഭർത്താക്കൻമാരിൽ കൃപയുള്ള ഒരു കുടുംബമുണ്ടെന്നും, അത് പ്രത്യയ ശാസ്ത്രങ്ങളിലൂടെ മനസ്സിലാക്കാൻ സാധിക്കില്ല എന്നും, എന്നാൽ കുടുംബങ്ങളിൽ സാധിക്കും എന്നും പാപ്പ പങ്കുവച്ചു. പ്രത്യയശാസ്ത്രങ്ങൾ അമൂർത്തങ്ങളാണ് എന്നും എന്നാൽ കുടുംബം മൂർത്തമാണെന്നും ഉള്ളതിനുള്ള തെളിവാണ് കുടുംബസ്നേഹ ബന്ധം. കുടുംബങ്ങളിൽ ശീതയുദ്ധം ഉണ്ടാകരുതെന്നും പാപ്പ കുടുംബങ്ങളോട് പറയുന്നുണ്ട്.

ഫാ. ജിയോ തരകൻ

പ്രിയ ലോഫ് കുടുംബങ്ങളേ,

തൃശ്ശൂർ അതിരൂപതയിലെ കുടുംബങ്ങളുടെ സമർപ്പിത സമൂഹമായ ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് '**ലോഫ് ടൈഡിംഗ്സ്**' എന്ന പേരിൽ ഒരു ത്രൈമാസ ഓൺലൈൻ വാർത്താ പത്രിക പുറത്തിറക്കുന്നു എന്ന് അറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. കുടുംബ നവീകരണ രംഗത്ത് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ലോഫിന്റെ വിശേഷങ്ങൾ പങ്കു വെക്കാൻ ഈ പത്രിക സഹായിക്കും എന്ന് പ്രതീക്ഷിക്കുന്നു. കുടുംബത്തെക്കുറിച്ചുള്ള ദൈവിക പദ്ധതി നിറവേറ്റാൻ അശ്രാന്തം പരിശ്രമിക്കുന്നതിലൂടെ മറ്റു കുടുംബങ്ങൾക്ക് മാർഗ്ഗദീപമാകാനും അവയ്ക്കിടയിൽ പടരുന്ന പുളിമാവ് ആകാനും നിങ്ങൾക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

\+ മാർ ആൻഡ്രൂസ് താഴത്ത്,
തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത.





പ്രിയപ്പെട്ട ലോഫ് ഫാമിലീസ്,

ദൈവത്തിന്റെ ത്രീത്വൈക കുടുംബത്തിന്റെ മാതൃകയിൽ ഭൂമിയിൽ സ്വർഗ്ഗം തീർക്കാൻ വിളിക്കപ്പെട്ടവരാണ് ഓരോ കുടുംബവും. ഈ ദൈവിക പദ്ധതി ധ്യാനിക്കുവാനും നടപ്പിലാക്കാനും വേണ്ടി ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (ലോഫ്) നടത്തുന്ന എല്ലാ പരിശ്രമങ്ങളും അഭിനന്ദനാർഹമാണ്.

ലോഫിന്റെ പ്രവർത്തനങ്ങൾ മറ്റുള്ളവരിലേക്ക് എത്തിക്കാൻ ആരംഭിക്കുന്ന **ലോഫ് ടൈഡിംഗ്സ്** എന്ന ഓൺലൈൻ ന്യൂസ് ലെറ്ററിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം,

\+ മാർ ടോണി നീലങ്കാവിൽ,
തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ.



പ്രിയമുള്ളവരേ,

ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസിന്റെ ത്രൈമാസ ഓൺലൈൻ ന്യൂസ് ലെറ്റർ '**ലോഫ് ടൈഡിംഗ്സ്**' യാഥാർത്ഥ്യമാകുന്ന ഈ വേളയിൽ ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ നേരുന്നു. ലോഫ് കോർ ഗ്രൂപ്പ് കുടുംബങ്ങൾക്കും ലോഫ് മീഡിയ മിനിസ്ട്രിക്കും വിവിധ മിനിസ്ട്രികൾക്ക് നേതൃത്വം നൽകുന്ന പെർമനന്റ് കുടുംബങ്ങൾക്കും പ്രത്യേകം പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

നമ്മുടെ പ്രവർത്തനങ്ങൾ പൊതു സമൂഹത്തിലും സഭാ സമൂഹത്തിലും എത്തിക്കാൻ ഈ ന്യൂസ് ലെറ്റർ സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. **ലോഫ് ടൈഡിംഗ്സ്** നല്ല രീതിയിൽ മുന്നേറട്ടെ എന്ന ആശംസയോടെ,

സ്നേഹപൂർവ്വം,

ഫാ. ഡെന്നി താണിക്കൽ,
ഡയറക്ടർ, ലോഫ്.

# 'DOMUS CHRISTI' ക്രിസ്തു ആഗ്രഹിക്കുന്ന കുടുംബം



കുടുംബങ്ങളുടെ പാപ്പ എന്നറിയപ്പെട്ടിരുന്ന വിശുദ്ധനായ ജോൺപോൾ രണ്ടാമൻ 1994ൽ പ്രസിദ്ധീകരിച്ച കുടുംബങ്ങൾക്കൊരു എഴുത്ത് എന്ന അപ്പോസ്തലിക ലേഖനത്തിൽ നൽകുന്ന മുന്നറിയിപ്പ് ഏറെ ശ്രദ്ധേയമാണ്. കുടുംബങ്ങൾ ഇന്ന് അപകടനിലയിലാണ്. രാഷ്ട്രവും മതവും സംസ്കാരവും എല്ലാം അടിയുറപ്പിച്ചിരിക്കുന്നത് കുടുംബത്തിൽ ആകയാൽ, കുടുംബത്തെ രക്ഷിക്കാതെ ഒന്നിനെയും രക്ഷിക്കാൻ ആവുകയില്ല. ഏകദേശം 30 വർഷങ്ങൾക്കുശേഷം തിരിഞ്ഞു നോക്കുമ്പോൾ കുടുംബങ്ങൾക്ക് മേലുള്ള ആക്രമണം എത്രയോ മടങ്ങ് വർദ്ധിച്ചിരിക്കുന്നു. വിവാഹത്തിന്റെയും കുടുംബത്തിന്റെയും മൂല്യത്തിനും പവിത്രതയ്ക്കുമെതിരായി തിന്മകൾ വളരെയധികം വ്യാപകമായിരിക്കുന്നു. ഇന്ന് സമൂഹത്തിൽ കാണുന്ന പല പ്രതിസന്ധികളുടെയും അടിസ്ഥാനം കുടുംബ തകർച്ച തന്നെയാണെന്ന് നാം തിരിച്ചറിയുന്നു.

വിവാഹം എന്ന കൂദാശ സ്വീകരിക്കാൻ താല്പര്യമില്ലാത്ത ഒരു യുവതലമുറ വർദ്ധിച്ചുവരുന്നു. വിവാഹം കഴിച്ചവർ തന്നെ നിസ്സാരകാരണങ്ങളുടെ പേരിൽ വിവാഹമോചനത്തിനായി ശ്രമിക്കുന്നു. ദൈവത്തിൻെറ സ്വപ്ന പദ്ധതിയായ കുടുംബങ്ങൾ അതിവേഗം തകരുന്നതിൽ തമ്പുരാൻ ദുഃഖിക്കുന്നു (മലാക്കി 2:15). കുടുംബത്തെക്കുറിച്ചുള്ള ദൈവിക പദ്ധതി തിരിച്ചറിയുവാനും അത് ജീവിക്കാനും പ്രഘോഷിക്കാനും നമുക്ക് ഉത്തരവാദിത്വമുണ്ട്. 'കുടുംബമേ നീ എന്താണോ അതാവുക' (FC.17). വിവാഹത്തിന്റെയും കുടുംബത്തിന്റെയും മഹത്തായ മൂല്യത്തിനും പവിത്രതയ്ക്കും വേണ്ടി നിലകൊള്ളാൻ ദൈവം ഓരോ ക്രൈസ്തവ കുടുംബത്തെയും ഈ ഭൂമിയിൽ തിരഞ്ഞെടുത്തിരിക്കുന്നു. കുടുംബത്തെ സ്ഥാപിച്ച ത്രിത്വൈക ദൈവത്തിൻെറ ഹൃദയത്തെ ആനന്ദിപ്പിക്കുന്ന കുടുംബമായി തീരാൻ നമുക്ക് ആഗ്രഹിക്കാം. 'ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപ്പെടുത്താതിരിക്കട്ടെ' (മത്തായി 19:6) എന്ന ക്രിസ്തുവചനം നമ്മുടെ രക്ഷാവചനമായി നമുക്ക് സ്വീകരിക്കാം. ക്രിസ്തു ആഗ്രഹിക്കുന്ന കുടുംബമായി തീരുവാൻ നമുക്ക് പരിശ്രമിക്കാം. കുടുംബങ്ങളെ രക്ഷിക്കാനുള്ള ഈ കാലഘട്ടത്തിൻെറ അടിയന്തര ദൗത്യത്തിൽ സഭയോടൊപ്പം LOAF സമൂഹത്തോടൊപ്പം ചേർന്ന് പ്രവർത്തിക്കാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. Stand for a pro marriage & pro family culture 'കുടുംബത്തെക്കുറിച്ചുള്ള ക്രൈസ്തവ പ്രഘോഷണം യഥാർത്ഥത്തിൽ സദ്വാർത്തയാണ്' (AL-1) പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം നമ്മുടെ കുടുംബത്തിൽ നിരന്തരം വസിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**Dr. George Leon & Mrs Ani George**
**President couple ,Loaf.**

# LOAF Programmes

## August - 2023

### Daily
One Day... One Family intercession.

### Weekly
HOLY FAMILY VISIT & CANDLE PRAYER.

### Monthly
6th... Sunday... LOAF Academic Session... 2 pm to 5 pm... DBCLC.

11, 12, 13 ... LOAF Couples Retreat... @ Jordania Retreat Centre, Nedupuzha.

August 12th - LOAF Spiritual Day at St. Joseph's Church, Kuriachira.

19th... 3rd Saturday... LOAF ADORATION DAY... @ Family Apostolate Centre Thrissur... 7 pm to 8 pm.

## September - 2023

### Daily
One Day... One Family intercession.

### Weekly
HOLY FAMILY VISIT & CANDLE PRAYER.

### Monthly
1, 2, 3 ... LOAF Couples Retreat... @ Jordhania Retreat Centre, Nedupuzha.

9th... LOAF Spiritual Evening.

16th... LOAF Adoration Day.

## October - 2023

### Daily
One Day... One Family intercession.

### Weekly
HOLY FAMILY VISIT & CANDLE PRAYER

### Monthly
13, 14, 15 ... LOAF Couples Retreat... @ Jordhania Retreat Centre, Nedupuzha.

14th... LOAF Spiritual Evening.

21st... LOAF Adoration Day.

22nd... LOAF Academic Day

# ഒരു മഴയും തോരാതിരുന്നിട്ടില്ല



ഇനി ഒന്നും തന്നെ അവശേഷിക്കുന്നില്ല, വിശപ്പാണെങ്കിൽ അസഹനീയവും! ആ സമയത്താണ് വൃദ്ധ യാചകൻ തനിക്ക് സ്വന്തമായി അവശേഷിക്കുന്ന ഒരേ ഒരു ഭിക്ഷാപാത്രം വിൽക്കാനുള്ള തീരുമാനത്തിലേക്ക് എത്തുന്നത്. തലമുറകളിലൂടെ കൈമാറി തന്നിലേക്ക് എത്തിയ ഒന്നായിരുന്നു ആ ഞളുങ്ങി പൊടിപിടിച്ച പാത്രം.

തന്റെ പൂർവികരിൽ നിന്ന് ശ്രദ്ധാപൂർവ്വം കൈമാറി തന്നിലേക്ക് എത്തിയതിനാലാവാം അത്രമേൽ ആത്മബന്ധം അയാൾക്ക് ആ ഭിക്ഷാ പാത്രത്തോട് തോന്നിയിരുന്നത്. പറഞ്ഞിട്ടു കാര്യമില്ല വിശന്നു മരിക്കുന്നതിനു മുമ്പ് ഇനി അതെങ്കിലും വിറ്റ് കിട്ടുന്ന പണം കൊണ്ട് എന്തെങ്കിലും വാങ്ങിക്കഴിച്ച് വിധിക്ക് കീഴടങ്ങുക തന്നെ. അയാൾക്ക് പരിചയമുള്ള ഒരു വ്യാപാരിക്ക് ഒരു ചെറിയ തുകയ്ക്ക് വിൽക്കാൻ കരാറായി. പാത്രത്തിന്റെ മൂല്യം നിശ്ചയിക്കാൻ കച്ചവടക്കാരൻ അകത്തു കൊണ്ടുപോയി അതിന്റെ മേലുള്ള അഴുക്ക് നീക്കാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ പാത്രത്തിന് തിളക്കം വയ്ക്കാൻ തുടങ്ങി. ഒടുവിൽ സംശയം തോന്നിയ വ്യാപാരി ചില പ്രത്യേകതരം ദ്രാവകങ്ങൾ കൊണ്ട് അത് വൃത്തിയാക്കി. അത്ഭുതം അത് വളരെ വിലയേറിയ ഒരു സ്വർണ്ണതളികയായി രുന്നു. തന്റെ കൈവശം ഇത്രയും വിലകൂടിയ ഒരു വലിയ ഒരു നിധി ഉണ്ടെന്ന യാഥാർത്ഥ്യം തിരിച്ചറിയാതെയായിരുന്നു അത്രയും നാൾ അയാൾ മറ്റുള്ളവരുടെ മുമ്പിൽ കൈ നീട്ടി യാചകനായി ജീവിച്ചു തീർത്തത്. ഒടുവിൽ എല്ലാം നഷ്ടപ്പെട്ടപ്പോൾ മാത്രമാണ് തന്റെ അവസാന സമ്പാദ്യം വിൽക്കാൻ അയാൾ നിർബന്ധിതനായത്. തന്റെ കൈവശമുണ്ടായിരുന്ന നിധി തിരിച്ചറിഞ്ഞതിനു ശേഷം അയാളൊരിക്കലും പിന്നീട് പഴയ ആളായിരുന്നില്ല.

ചില കാര്യങ്ങൾ അങ്ങനെയൊക്കെയാണ്. എല്ലാം തീർന്നു എന്ന് നാം കരുതുന്നിടത്ത് നിന്ന് ഒരിക്കലും പ്രതീക്ഷിക്കാത്ത ചില പുതിയ തുടക്കങ്ങൾ നമുക്കായ് കാത്തിരിക്കുന്നുണ്ടാവും. അത് തകർന്നു പോയ നമ്മുടെ പഴയ സ്വപ്നങ്ങളേക്കാൾ അതി മനോഹരമായ ഒന്നായിരിക്കും. സങ്കീർത്തകൻ തന്റെ ദുരിതങ്ങളെ ഇങ്ങിനേയും തിരിച്ചറിയുന്നുണ്ട്, 'ദുരിതങ്ങൾ എനിക്കുപകാരമായി; തൻമൂലം ഞാൻ അങ്ങയുടെ ചട്ടങ്ങൾ അഭ്യസിച്ചുവല്ലോ. ആയിരക്കണക്കിനു പൊൻവെള്ളി നാണയങ്ങളെക്കാൾ അങ്ങയുടെ വദനത്തിൽ നിന്നു പുറപ്പെടുന്ന നിയമമാണ് എനിക്ക് അഭികാമ്യം.'
(സങ്കീർത്തനങ്ങൾ 119 : 71– 72)

ദൈവം നമുക്ക് നൽകിയ അമൂല്യങ്ങളായ നിധികൾ തിരിച്ചറിയാതെ നാം ഒരു മൂല്യവുമില്ലാത്ത ചില നിരർത്ഥകതകൾക്കു പിറകേ പാഞ്ഞ് പലപ്പോഴും സമയം പാഴാക്കുകയാണ്. തന്റെ സഹനങ്ങളാണ് പല വിശുദ്ധർക്കും അവരുടെ അകക്കണ്ണ് തുറന്ന് കൊടുത്തത്. ജീവിതത്തിലെ പ്രതിസന്ധികളും, പരാജയങ്ങളും ഒരിക്കലും അവസാനമല്ല. പ്രശസ്തമായ ആ ഗാനം പോലെ നമുക്കും ഏറ്റു പറയാം 'ഒരു മഴയും തോരാതിരുന്നിട്ടില്ല, ഒരു രാവും പുലരാതിരുന്നിട്ടില്ല! തിരമാലയിൽ, ആ ചെറുതോണിയിൽ അമരത്തായ്, അരികത്തായ് അവനുള്ളതാം..' ദൈവം തിന്മ അനുവദിക്കുന്നത് എപ്പോഴും അവിടുത്തെ സ്നേഹവും ആത്മാക്കളുടെ രക്ഷയുമായി ബന്ധപ്പെട്ട നന്മ ഉളവാക്കാൻ വേണ്ടിയാണ് എന്നൊരു നിരീക്ഷണം ധന്യനായ ബിഷപ്പ് ഫുൾട്ടൺ .ജെ ഷീനിന്റെതാണ്. നമുക്ക് പ്രത്യാശയുള്ളവരായിരിക്കാം, പരിശുദ്ധ അമ്മയോടൊപ്പം, ഈ സ്വർഗ്ഗാരോപണ തിരുന്നാളിൽ.

Br. Sasi Immanuel & Ambili Immanuel

# Loaf Retreat Ministry



ഒരു ക്രൈസ്തവ കുടുംബത്തിന്റെ മൂന്ന് സവിശേഷതകളെ കുറിച്ച് ഫ്രാൻസിസ് പാപ്പ നിരീക്ഷിക്കുന്നത് ഇപ്രകാരമാണ്. 'പ്രാർത്ഥിക്കുക, വിശ്വാസം സംരക്ഷിക്കുക ,ആനന്ദം അനുഭവിക്കുക'. എന്നാൽ ഇപ്രകാരമാകേണ്ട ആധുനിക കുടുംബങ്ങൾ ഇന്ന് വലിയ വെല്ലുവിളികൾ നേരിടുകയാണ്. കുടുംബ ജീവിതം തന്നെ അപ്രസക്തമെന്ന് വാദിക്കുന്ന അമിത സെക്കുലറിസത്തിന്റേയും, കുരിശില്ലാതെ കിരീടം ചൂടാമെന്ന വ്യാമോഹവുമായി, സുഖലോലുപതയുടേയും, ദൈവ നിരാസത്തിന്റേയും വഴിയിൽ പായുന്ന പുതിയ തലമുറയുടേയും ഒരു ലോകത്തിൽ ദാമ്പത്യ ജീവിതത്തെ പുനർനിർവചിക്കുക ശ്രമകരം തന്നെയാണ്. ഇവിടെയാണ് തൃശ്ശൂർ അതിരൂപത ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലിസിൻെറ (LOAF) നേതൃത്വത്തിൽ ദമ്പതികൾക്ക് വേണ്ടി, എല്ലാ രണ്ടാം ശനി വാരാന്ത്യങ്ങളിലും താമസിച്ചുള്ള ധ്യാനം നടത്തപ്പെടുന്നത്. കുടുംബങ്ങൾ തന്നെ കുടുംബങ്ങളോട് സംവദിക്കുന്ന ഈ ധ്യാന ശുശ്രൂഷയിൽ ഒരു വ്യക്തിയുടെ ആത്മീയവും, മാനസികവുമായ സൗഖ്യത്തിനും, കുടുംബ ജീവിതലയം ഊഷ്മളമാക്കാനും ഏറ്റവും അനിവാര്യമായ ശുശ്രൂഷകളും, സഭാ പ്രബോധനത്തിലൂന്നിയ ക്ലാസുകളും, പങ്കുവയ്ക്കലുകളുമാണ് ഉൾച്ചേർത്തിരിക്കുന്നത്. വി. കുർബാന, കുമ്പസാരം, ഫാമിലി ഷെയറിംഗ്, അഭിഷേക ആരാധനാ ശുശ്രുഷകളും ദാമ്പത്യ ജീവിതത്തെക്കുറിച്ചുള്ള പുതിയ ദർശനങ്ങൾ ദമ്പതികൾക്ക് സമ്മാനിക്കുന്നു.

പങ്കെടുത്ത നിരവധി കുടുംബങ്ങളെ അനുരജ്ഞനത്തിലേക്കും, പുത്തൻ ഉൾക്കാഴ്ചകളിലേക്കും, കുടുംബ പ്രേഷിത ദൗത്യത്തിലേക്കും നയിക്കാൻ ലോഫ് കുടുംബങ്ങൾ നേതൃത്വം കൊടുക്കുന്ന ഈ വാരാന്ത്യ ധ്യാന ശുശ്രൂഷകളെ ദൈവാത്മാവ് ഉപയുക്തമാക്കുമ്പോൾ ഞങ്ങൾക്കല്ല കർത്താവേ, ഞങ്ങൾക്കല്ല അങ്ങേ തിരുനാമത്തിന് സ്തുതി എന്നു പറയാതിരിക്കുന്നതെങ്ങനെ!

( ഈ ദമ്പതി ധ്യാന ശുശ്രൂഷകൾ എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും വൈകീട്ട്, 6 PM മുതൽ ഞായറാഴ്ച 5 PM വരെയുള്ള സമയത്ത് തൃശൂർ, നെടുപുഴ ജോർദാനിയ MSMI ധ്യാനകേന്ദ്രത്തിൽ വച്ചാണ് ഇപ്പോൾ നടത്തപ്പെടുന്നത്.)

# "Q & A"



## ഗർഭനിരോധനം ക്രൈസ്തവ ധാർമ്മികതക്ക് വിരുദ്ധമാണോ?

മനുഷ്യ ലൈംഗികതയുടെ സ്വാഭാവിക ലക്ഷ്യത്തിനും അർത്ഥത്തിനും എതിരായതിനാൽ ഗർഭനിരോധനം ധാർമ്മികമായി തെറ്റാണെന്ന് കത്തോലിക്കാ സഭ പഠിപ്പിക്കുന്നു. കത്തോലിക്കാ സഭയുടെ മതബോധനമനുസരിച്ച്, ഗർഭനിരോധനം ധാർമ്മിക നിയമത്തിന്റെ ലംഘനമായി കണക്കാക്കപ്പെടുന്നു, കാരണം ഇത് ലൈംഗിക ബന്ധത്തിന്റെ അന്തർലീനമായ ജീവദായകവും സ്നേഹദായകവുമായ വശങ്ങളെ വേർതിരിക്കുന്നു.

മതബോധനത്തിന്റെ 2366-ാം ഖണ്ഡിക ഇങ്ങനെ പ്രസ്താവിക്കുന്നു: "ഗർഭനിരോധന മാർഗ്ഗങ്ങൾ' എന്ന് വിളിക്കപ്പെടുന്നവ മനഃപൂർവ്വം പ്രത്യുൽപാദനം അസാധ്യമാക്കുന്നു. അവ ധാർമ്മികമായി തെറ്റാണ്, കാരണം അവ ദാമ്പത്യ പ്രവർത്തനത്തിന്റെ സ്വഭാവത്തിനും ഉദ്ദേശ്യത്തിനും വിരുദ്ധമാണ്.

ലൈംഗികബന്ധം ഒരു പുണ്യ കർമ്മമാണെന്ന് സഭ വിശ്വസിക്കുന്നു, അത് ഐക്യദായകവും സന്താനോല്പാദനപരവുമാണ്. ഗർഭനിരോധനത്തിലൂടെ പ്രത്യുൽപാദന വശം മനഃപൂർവം വേർതിരിക്കുന്നതിലൂടെ, ലൈംഗിക ബന്ധത്തിന്റെ പൂർണ്ണമായ അർത്ഥവും ലക്ഷ്യവും വികലമാക്കപ്പെടുന്നു. ദൈവത്തിന്റെ സൃഷ്ടിപരമായ ശക്തിയും ഇണകൾ തമ്മിലുള്ള സ്വയംദാനമാകുന്ന സ്നേഹവും പ്രതിഫലിപ്പിക്കുന്നതിനാൽ, ദാമ്പത്യ പ്രവൃത്തി എല്ലായ്പ്പോഴും പുതിയ ജീവിന്റെ സാധ്യതയിലേക്ക് തുറന്നിരിക്കണമെന്ന് സഭ പഠിപ്പിക്കുന്നു.
കൂടാതെ, ഉത്തരവാദപൂർണ്ണമായ രക്ഷാകർതൃത്വത്തിന്റെ പ്രാധാന്യവും ജനനങ്ങൾ തമ്മിൽ അകലം പാലിക്കുന്നതിനോ പരിമിതപ്പെടുത്തുന്നതിനോ ഉള്ള സ്വാഭാവിക കുടുംബാസൂത്രണ രീതികളുടെ ഉപയോഗവും മതബോധനഗ്രന്ഥം ഊന്നിപ്പറയുന്നു (CCC 2368). ഈ രീതികൾ ഒരു സ്ത്രീയുടെ പ്രത്യുൽപാദനത്തിന്റെ സ്വാഭാവിക താളങ്ങളെ മാനിക്കുന്നു, എന്നാൽ ഗർഭധാരണത്തിന്റെ ജൈവിക പ്രക്രിയകളിൽ ഇടപെടുകയും ചെയ്യുന്നില്ല.
ഗർഭനിരോധനത്തെക്കുറിച്ചുള്ള സഭയുടെ പഠനം മനുഷ്യ വ്യക്തിയുടെ മഹത്വത്തെയും വിവാഹത്തിന്റെ വിശുദ്ധിയെയും മനസ്സിലാക്കുന്നതിൽ വേരൂന്നിയതാണ് എന്നത് ശ്രദ്ധിക്കേതാണ്. ഗർഭധാരണം മുതൽ സ്വാഭാവിക മരണം വരെയുള്ള മനുഷ്യജീവന്റെ മൂല്യം സഭ ഉയർത്തിപ്പിടിക്കുകയും ദൈവം സ്ഥാപിച്ച അന്തർലീനമായ രൂപകൽപ്പനയെയും ലക്ഷ്യത്തെയും മാനിക്കുന്ന ലൈംഗികതയുടെ സമഗ്രമായ കാഴ്ചപ്പാടിനെ എപ്പോഴും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

**Dr Tony Joseph & Dr Suny Tony**

# Loaf Academic Ministry



ലോഫ് അക്കാദമിക് മിനിസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയുടെ സഹകരണത്തോടെ നടത്തിയ ഫാമിലി തിയോളജി കോഴ്സ് പൂർത്തിയായപ്പോൾ ലോഫ് കുടുംബങ്ങൾ ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ, ഫാക്കൽറ്റി റവ. ഡോ. അഗസ്റ്റിൻ കല്ലേലി എന്നിവരോടും സഹപാഠികളോടുമൊപ്പം.

LOAF-ന്റെ അക്കാദമിക് മിനിസ്ട്രി എല്ലാ മാസവും അവസാന ഞായറാഴ്ച ഒത്തുകൂടുന്നു. കത്തോലിക്കാ സഭയുടെ ഭൗതിക മണ്ഡലത്തിൽ പ്രസക്തമായ പഠനങ്ങൾ സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന രീതിയിൽ അവതരിപ്പിക്കാൻ ടീം ശ്രമിക്കുന്നു. വിവാഹത്തെയും കുടുംബത്തെയും കുറിച്ചുള്ള പഠനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകുന്നു. ഭാര്യാഭർതൃ ബന്ധം, രക്ഷാകർതൃത്വം തുടങ്ങിയ പൊതുവായ വിഷയങ്ങൾ പരിഹരിക്കാനുളള പരിശീലനവും മിനിസ്ട്രി നൽകുന്നു. കുടുംബങ്ങൾ അവരുടെ ദൈനംദിന ജീവിതത്തിൽ നേരിടുന്ന അവരുടെ പ്രശ്നങ്ങൾ പങ്കിടുന്ന ഒരു സമയം കൂടിയാണിത്, ഇത് പങ്കിടുന്ന കുടുംബത്തിനും അവരെ ശ്രവിക്കുന്ന കുടുംബങ്ങൾക്കും പരസ്പരം പ്രയോജനകരമാണ്. അക്കാദമിക് ഒത്തുചേരലിലൂടെ എല്ലാവരിലും വ്യാപിക്കുന്ന കൂട്ടായ്മ അംഗകുടുംബങ്ങൾക്കിടയിൽ സ്നേഹവും സാഹോദര്യവും വളർത്തുന്നു.

# Children's Ministry



കുട്ടികളുടെ ആത്മീയവും മാനസികവുമായ സമഗ്ര രൂപീകരണത്തിനായുള്ള സംവിധാനമാണ് ലോഫ് ചിൽഡ്രൻസ് മിനിസ്ട്രി. കുട്ടികളെ മൂന്ന് ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു. •LKG - 4th Std (Bethlehem) •5th - 8th Std (Nazareth) •9th - Degree (Carlo) ബെത്‌ലഹേമിനെ നയിക്കുന്നത് റവ. സി. ട്രീസ CSC ആണ്. നസ്രേത്തിനെ നയിക്കുന്നത് റവ. സി. ലിൻസി CSC ആണ്. കാർലോയെ നയിക്കുന്നത് ലോഫിലെ ഫാക്കൽറ്റി ആണ്. എല്ലാ മാസവും രണ്ടാം ശനിയാഴ്ചകളിൽ ഒത്തുചേരലുകൾ ഉണ്ടായിരിക്കും. കുട്ടികൾക്കായി ആത്മീയ ക്യാമ്പുകൾ, ധ്യാനങ്ങൾ തുടങ്ങിയ വിവിധ പരിപാടികൾ നടത്തപ്പെടുന്നു.

# Spiritual Ministry

എന്റെ ഒരു സുഹൃത്ത് വഴിയാണ് ഞാൻ ആദ്യമായി **"Loaf spiritual day"**നെ കുറിച്ച് അറിഞ്ഞത്. തുടർന്ന് ആദ്യമായി ക്ഷണിച്ചതനുസരിച്ച് **Loaf** കൂട്ടായ്മയിലേക്ക് വന്നു. **Spiritual day**യിലെ ഒന്നിച്ചുള്ള ആരാധനയും കുർബാനയും എന്നെ ഒത്തിരി സ്വാധീനിച്ചു. വലിയ കുടുംബങ്ങളേയും പരസ്പരം സന്തോഷത്തിൽ ആയിരിക്കുന്ന കുറേ കുടുംബങ്ങളെയും ഞാൻ അവിടെ കണ്ടുമുട്ടി. പിന്നീട് എല്ലാ മാസവും ആ കൂട്ടായ്മയിലേക്ക് വരുന്നത് ഞങ്ങൾക്ക് ഒരു പ്രധാനപ്പെട്ട പ്രോഗ്രാമായി മാറി. ആദ്യമായി പങ്കെടുത്ത സ്പിരിച്വൽ പ്രോഗ്രാമിനെ കുറിച്ച് പങ്കുവെക്കുകയാണ് ലോഫ് ടീം മെമ്പർ.'



ഓരോ മാസവും ലോഫ് അംഗങ്ങൾ രണ്ടാം ശനിയാഴ്ചകളിൽ ഒന്നിച്ചു കൂടുകയും പരസ്പരം പ്രാർത്ഥിക്കാനും ഒന്നിച്ച് ആരാധിക്കാനും ബലിയിൽ സംബന്ധിക്കാനും വിശുദ്ധ കുമ്പസാരം എന്ന കൂദാശയിലൂടെ ദൈവവുമായുള്ള ബന്ധത്തിലേക്ക് ആഴപ്പെട്ട് ഐക്യപ്പെടാനുമുള്ള ഒരു സുവർണ്ണ അവസരമാണ്. ഏകദേശം 30 ഓളം കുടുംബങ്ങൾ ഭാര്യ ഭർത്താക്കന്മാരും മക്കളും ഒന്നിച്ച് വരുന്ന കാഴ്ച മനോഹരമായ ഒരു അനുഭവമാണ്. ലോഫ് നടത്തുന്ന ലോഫ് ധ്യാനങ്ങളിലും ലോഫിന്റെ ഫാമിലി എൻറിച്ച്മെന്റ് പ്രോഗ്രാമിലും പങ്കെടുക്കുന്ന വ്യക്തികളെ ലോഫ് അംഗങ്ങൾ ഈ കം ആൻഡ് സീ അനുഭവത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു.



യേശു എവിടെയാണെന്ന് ചോദിച്ച ശിഷ്യരോട് താൻ വസിക്കുന്നിടം വന്നു കാണുക എന്നു പറഞ്ഞ അതേ ദൈവവചനം ഇന്നും ഓരോ **Spiritual day**യിലും ദൈവം ആവർത്തിക്കുന്നു. ഓരോ സ്പിരിച്വൽ ഡേ യും ഓരോ വന്നു കാണൽ അനുഭവമാണ്. യേശുവിനെ അറിയാനും യേശു വസിക്കുന്നിടത്ത് ആയിരിക്കാനും യേശുവിന്റെ കൂടെ സമയം ചെലവഴിക്കാനുമുള്ള ഒരു കൂട്ടായ്മയാണ് സ്പിരിച്വൽ ഡേ.



# Editorial



ഒരു കുടുംബത്തിൽ സ്നേഹം മെച്ചപ്പെടുത്തുന്നത് ഒരു തുടർച്ചയായ അതിന് പ്രക്രിയയാണ്, അതിന്എല്ലാ കുടുംബാംഗങ്ങളിൽ നിന്നും പരിശ്രമവും പ്രതിബദ്ധതയും ആവശ്യമാണ്. കത്തോലിക്കാ സഭയുടെ മതബോധനത്തിൽ കാണുന്ന സ്നേഹത്തിന്റെയും കുടുംബജീവിതത്തിന്റെയും തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള ചില നിർദ്ദേശങ്ങൾ ഇതാ:

1. ആശയവിനിമയം വളർത്തിയെടുക്കുക: ഒരു കുടുംബത്തിനുള്ളിൽ സ്നേഹം വളർത്തുന്നതിന് തുറന്നതും സത്യസന്ധവുമായ ആശയവിനിമയം അത്യന്താപേക്ഷിതമാണ്. പരസ്പരം കേൾക്കാനും വികാരങ്ങളും ആശങ്കകളും പ്രകടിപ്പിക്കാനും അർത്ഥവത്തായ സംഭാഷണങ്ങളിൽ ഏർപ്പെടാനും സമയമെടുക്കുക. കുടുംബാംഗങ്ങൾക്കിടയിൽ ധാരണയും സഹാനുഭൂതിയും ബന്ധവും വളർത്തിയെടുക്കാൻ ഇത് സഹായിക്കുന്നു.

2. ക്ഷമ ശീലിക്കുക: ഒരു കുടുംബത്തിനുള്ളിലെ ബന്ധങ്ങൾ സുഖപ്പെടുത്തുന്നതിനും പുനഃസ്ഥാപിക്കുന്നതിനും ക്ഷമ നിർണായകമാണ്. തെറ്റുകൾക്കും വേദനകൾക്കും തെറ്റിദ്ധാരണകൾക്കും പരസ്പരം ക്ഷമിക്കാൻ പഠിക്കുക. ഇതിന് വിനയവും വിദ്വേഷവും ഉപേക്ഷിക്കലും അനുരഞ്ജനവും ആവശ്യമാണ്.

3. വിലമതിപ്പും വാത്സല്യവും പ്രകടിപ്പിക്കുക: പരസ്പരം നന്ദിയും വാത്സല്യവും പ്രകടിപ്പിക്കുന്നത് ഒരു കുടുംബത്തിലെ സ്നേഹബന്ധം ശക്തിപ്പെടുത്തുന്നു. ഓരോ കുടുംബാംഗത്തിന്റെയും പരിശ്രമങ്ങളെയും ഗുണങ്ങളെയും അഭിനന്ദിക്കാനും അംഗീകരിക്കാനും സമയമെടുക്കുക. ചെറിയ ദയയും ആലിംഗനങ്ങളും വാത്സല്യത്തിന്റെ വാക്കുകളും സ്നേഹത്തെ പരിപോഷിപ്പിക്കുന്നതിൽ വളരെയധികം സഹായിക്കും.

4. ഗുണമേന്മയുള്ള സമയത്തിന് മുൻഗണന നൽകുക: ഒരു കുടുംബമെന്ന നിലയിൽ ഒരുമിച്ച് ഗുണനിലവാരമുള്ള സമയം ചെലവഴിക്കാൻ ശ്രമിക്കുക. കുടുംബ ഭക്ഷണം, ഗെയിം രാത്രികൾ, ഔട്ടിംഗുകൾ, അല്ലെങ്കിൽ പങ്കിട്ട ഹോബികൾ എന്നിവ പോലെയുള്ള ബന്ധം പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക. ഇത് കുടുംബത്തിനുള്ളിലെ സ്നേഹവും ബന്ധവും ആഴത്തിലാക്കുന്ന പങ്കിട്ട അനുഭവങ്ങളും ഓർമ്മകളും സൃഷ്ടിക്കാൻ സഹായിക്കുന്നു.

5. ബഹുമാനവും സഹാനുഭൂതിയും വളർത്തുക: ഓരോ കുടുംബാംഗങ്ങളെയും ബഹുമാനത്തോടെയും ദയയോടെയും സഹാനുഭൂതിയോടെയും പരിഗണിക്കുക. ഓരോ വ്യക്തിയുടെയും തനതായ ഗുണങ്ങളും കാഴ്ചപ്പാടുകളും ആവശ്യങ്ങളും തിരിച്ചറിയുകയും വിലമതിക്കുകയും ചെയ്യുക. വിയോജിപ്പുള്ള സമയങ്ങളിൽ പോലും തുറന്ന മനസ്സും മനസ്സിലാക്കലും പ്രോത്സാഹിപ്പിക്കുക.

6. ഒരുമിച്ച് പ്രാർത്ഥിക്കുക: ഒരു കുടുംബത്തിനുള്ളിൽ സ്നേഹവും ഐക്യവും വളർത്തുന്നതിനുള്ള ശക്തമായ ഉപകരണമാണ് പ്രാർത്ഥന. ഭക്ഷണത്തിന് മുമ്പ് നന്ദി പറഞ്ഞു പ്രാർത്ഥിക്കുക, ഒരുമിച്ച് ജപമാല ചൊല്ലുക, അല്ലെങ്കിൽ കുടുംബമായി കുർബാനയിൽ പങ്കെടുക്കുക എന്നിങ്ങനെയുള്ള കുടുംബ പ്രാർത്ഥനകൾക്കായി സമയം നീക്കിവെക്കുക. നിങ്ങളുടെ കുടുംബ ജീവിതത്തിലേക്ക് ദൈവത്തെ ക്ഷണിക്കുന്നത് നിങ്ങളുടെ ബന്ധങ്ങളുടെ ആത്മീയ മാനം ശക്തിപ്പെടുത്തുന്നു.

7. ആത്മീയ വളർച്ച തേടുക: ഓരോ കുടുംബാംഗത്തിന്റെയും ആത്മീയ വളർച്ചയും രൂപീകരണവും പ്രോത്സാഹിപ്പിക്കുക. പതിവായി കുർബാനയിൽ പങ്കെടുക്കുക, കൂദാശകളിൽ പങ്കെടുക്കുക, വിശ്വാസപരിശീലനത്തിൽ ഏർപ്പെടുക, കുടുംബത്തിൽ പുണ്യങ്ങൾ അനുഷ്ഠിക്കുക. വിശ്വാസത്തിൽ ഒരുമിച്ചു വളരുന്നത് സ്നേഹത്തെ ആഴത്തിലാക്കുകയും കുടുംബജീവിതത്തിന് ഉറച്ച അടിത്തറ നൽകുകയും ചെയ്യും.

ഓർക്കുക, ഒരു കുടുംബത്തിൽ സ്നേഹം കെട്ടിപ്പടുക്കുന്നതും മെച്ചപ്പെടുത്തുന്നതും, സഹിഷ്ണുതയും, ധാരണയും, പ്രതിബദ്ധതയും ആവശ്യമുള്ള ഒരു തുടർച്ചയായ പ്രക്രിയയാണ്. ഈ യാത്രയിൽ കത്തോലിക്കാ സഭയുടെ പഠനങ്ങളിൽ നിന്ന് മാർഗനിർദേശം തേടുകയും ദൈവകൃപയിൽ ആശ്രയിക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്.

**Vijo Wilson & Sini Vijo**

# Media Ministry



**1.** സോഷ്യൽ മീഡിയകൾ, പ്രിന്റ് മീഡിയകൾ, വെബ്സൈറ്റുകൾ എന്നിങ്ങനെ വിവിധ മാധ്യമങ്ങളിലൂടെ സുവിശേഷം പ്രചരിപ്പിക്കുക.

**2.** സുവിശേഷവൽക്കരണം: അവരുടെ വിശ്വാസത്തെ പരിചയപ്പെടാത്തവരോ ആചരിക്കുന്നവരോ ആയവരെ ബന്ധപ്പെടാൻ മീഡിയ മിനിസ്ട്രി ലക്ഷ്യമിടുന്നു.

**3.** വിദ്യാഭ്യാസ വീഡിയോകൾ, ലേഖനങ്ങൾ, മറ്റ് മൾട്ടിമീഡിയ മെറ്റീരിയലുകൾ എന്നിവയിലൂടെ വിശ്വാസ രൂപീകരണം.

**4.** ഓൺലൈൻ ഫോറങ്ങൾ, സോഷ്യൽ മീഡിയ ഗ്രൂപ്പുകൾ, വി. കുർബാനകളുടേയും മറ്റു പരിപാടികളുടേയുംതത്സമയ സ്ട്രീമിംഗ്, മറ്റ് സംവേദനാത്മക സവിശേഷതകൾ എന്നിവയിലൂടെ കമ്മ്യൂണിറ്റി കെട്ടിപ്പടുക്കുക.

**5.** സമകാലിക പ്രശ് നങ്ങളെ അഭിസംബോധന ചെയ്യുക, കത്തോലിക്കരെ അവരുടെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ സങ്കീർണ്ണമായ ധാർമ്മികവും സാമൂഹികവും സാംസ്കാരികവുമായ പ്രശ്നങ്ങൾ മറി കടക്കാൻചെയ്യാൻ സഹായിക്കുന്നതിന് സഭാ പഠനങ്ങളിൽ വേരൂന്നിയ കത്തോലിക്കാ വീക്ഷണവും മാർഗനിർദേശവും വാഗ്ദാനം ചെയ്യുന്നു.

**6.** വിശ്വാസം പ്രഘോഷിക്കുന്ന അനുഭവങ്ങൾ, സാക്ഷ്യങ്ങൾ, പ്രത്യാശയുടെ സന്ദേശങ്ങൾ എന്നിവയിലൂടെ പ്രചോദനവും പ്രോത്സാഹനവും നൽകുന്നതിലൂടെ, വെല്ലുവിളി നിറഞ്ഞ സമയങ്ങളിൽ തങ്ങളുടെ വിശ്വാസം നിലനിർത്താൻ ശക്തിയും ആശ്വാസവും പ്രചോദനവും കണ്ടെത്താൻ മീഡിയ മിനിസ്ട്രിക്ക് വ്യക്തികളെ സഹായിക്കാനാകും.

**7.** കുർബാനകൾ, ആരാധനകൾ, മറ്റ് മതപരമായ ചടങ്ങുകൾ എന്നിവയുടെ തത്സമയ സ്ട്രീമിംഗ് നൽകിക്കൊണ്ട് ആരാധനാക്രമ ആഘോഷങ്ങളെ പിന്തുണയ്ക്കുന്നു.

## മീഡിയ ടീം – പ്രോഗ്രാമുകൾ

1. സാറാസ് ഓഫ് ലോഫ് – ലോഫിലെ അമ്മമാരുടെ സാക്ഷ്യം, യേശുവിനോടൊപ്പം അവരുടെ മാതൃത്വം വിവരിക്കുന്നു. (മീഡിയ കാത്തലിക്ക യുട്യൂബ് ചാനലിൽ)
2. അമ്മ മാലാഖ – മാതൃത്വത്തെക്കുറിച്ചുള്ള ആദ്യ പുസ്തകം ലോഫ് പ്രസിദ്ധീകരിക്കുന്നു. സ്വപ്ന ട്രേസിയെ (അമ്മ എട്ടാമത്തെ കുട്ടിക്കുവേണ്ടി ജീവൻ ബലിയർപ്പിച്ചു) വിവരിക്കുന്ന ആദ്യ ഭാഗവും LOAF അമ്മമാരുടെ മാതൃത്വത്തെ വിവരിക്കുന്ന ബാക്കി ഭാഗവും ഉടൻവരുന്നു.
3. ഡെയ് ലി സെയിന്റ് സ് വീഡിയോകൾ – ദിവസേനയുള്ള വിശുദ്ധരെക്കുറിച്ചുള്ള ചെറിയ വിവരദായകമായ യൂട്യൂബ് വീഡിയോ
4. ലോഫ് newsletter ലോഫിനെക്കുറിച്ചുള്ള ത്രിമാസ വാർത്താക്കുറിപ്പ് ഓഗസ്റ്റ് മാസം
5. LOAF വെബ് സൈറ്റ് : www.loaffamilies.com - വെബ് സൈറ്റ് 2023 ജൂലൈ 15–ന് നടത്തറ പള്ളിയിൽ വച്ച് വികാരി റവ. ഫാ. ജോജു പൊറുത്തൂർ relaunch ചെയ്തു.
6. Retreatപിന്തുണയ്ക്കുന്നതിനുള്ള വാട്ട്സ്ആപ് സ്റ്റാറ്റസ് വീഡിയോകൾ
7. പ്രധാന അവസരങ്ങളിലോ ഇവന്റുകളിലോ വാട്ട്സ് ആപ് സ്റ്റാറ്റസ് ഫോട്ടോകൾ
8. ഫോട്ടോകളോ വീഡിയോകളോ മുഖേന LOAF പ്രോഗ്രാമുകൾ/ ഇവന്റുകൾ കവർ ചെയ്യുന്നു.
9. ലോഫ് യൂട്യൂബ് ചാനൽ – https://youtube.com/@loafthrissur4109

# Intercession Ministry

1. Holy Family Visit & Candle Prayer

തിരുകുടുംബ സന്ദർശനവും മെഴുകുതിരി പ്രാർഥനയും :

ലോഫ് കുടുംബങ്ങളിലെ ഒരു കുടുംബം മറ്റൊരു കുടുംബത്തിലേക്ക് തിരുകുടുംബ രൂപവും മെഴുകുതിരിയുമായി കടന്നുചെല്ലുന്നു. ആ ഭവനത്തിൽ തിരുകുടുംബരൂപം വച്ച് അതിനു മുന്നിൽ മെഴുകുതിരി കത്തിച്ച് വച്ച് പ്രാർത്ഥിക്കുന്നു. തുടർന്ന് ഒരാഴ്ചയോളം ആ ഭവനത്തിൽ കുടുംബ പ്രാർത്ഥനയോടൊപ്പം തിരുകുടുംബ രൂപത്തിനു മുന്നിൽ മെഴുകുതിരി കത്തിച്ച് വച്ച് കുടുംബങ്ങൾക്കു വേണ്ടി ആ കുടുംബം മദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നു. ആഴ്ചയുടെ അവസാനത്തിൽ ഞായറാഴ്ച ആ ഭവനത്തിൽ നിന്നും മറ്റൊരു ഭവനത്തിലേക്ക് തിരുകുടുംബ രൂപവും മെഴുകുതിരിയുമായി ആ കുടുംബാംഗങ്ങൾ കടന്നു ചെല്ലുന്നു. ഇത്തരത്തിൽ എല്ലാ കുടുംബങ്ങളിലൂടെയും ഓരോ ആഴ്ച വീതം തിരുകുടുംബരൂപത്തിനു മുന്നിൽ മെഴുകുതിരി കത്തിച്ചു വച്ചു കൊണ്ടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന കടന്നുപോകുന്നു. ഈ മദ്ധ്യസ്ഥ പ്രാർത്ഥന തുടർന്നു കൊണ്ടേയിരിക്കും. ഒരിക്കലും അവസാനിക്കുന്നില്ല എന്നതാണ് ഇതിന്റെ പ്രത്യേകത.

2. ലോഫ് തിരുമണിക്കൂർ ആരാധന :

എല്ലാ മാസത്തിലും മൂന്നാം ശനിയാഴ്ചകളിൽ രാത്രി 7.00 മുതൽ 8.00 വരെ തൃശൂർ കിഴക്കേകോട്ട ഫാമിലി അപ്പസ്തോലേറ്റ് സെന്റർ ചാപ്പലിൽ കുടുംബങ്ങൾക്കുവേണ്ടിയും ലോഫ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി ദിവ്യകാരുണ്യത്തിനുമുന്നിൽ ആരാധനയും ജപമാലയും.

3. One Day One Family Intercession :

ഓരോ ദിവസം വീതം ലോഫിലെ ഒരു കുടുംബം ലോഫിലെ മറ്റു കുടുംബങ്ങൾക്കു വേണ്ടി മദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നു. അതോടൊപ്പം ലോഫിലെ മറ്റു കുടുംബങ്ങൾ ആ കുടുംബത്തിനു വേണ്ടിയും പ്രാർത്ഥിക്കുന്നു. ഇന്റർസെഷൻ ടീം പ്രാർത്ഥിക്കേണ്ട കുടുംബത്തിന്റെ വിവരങ്ങൾ വാട്ട്സ് ആപ് ഗ്രൂപ്പിലൂടെ ലോഫിലെ മറ്റുള്ള കുടുംബങ്ങൾക്ക് നൽകുന്നു.

4. Daily Intercession For All Families with Special Needs:

പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനാവശ്യങ്ങൾ ഇന്റർ സെഷൻ ടീം അംഗങ്ങൾ തയ്യാറാക്കി വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ എല്ലാവർക്കുമായി പ്രാർത്ഥിക്കാൻ നൽകുന്നു.

5. രണ്ടു മാസത്തിലൊരിക്കൽ ടീം ഒന്നിച്ചു കൂടി കുടുംബ വിശേഷങ്ങളും ചിന്തകളും പങ്കു വക്കുന്നു.



# Outreach Ministry



കുടുംബങ്ങൾക്ക് വേണ്ടി കുടുംബങ്ങൾ തന്നെ മുന്നിട്ടിറങ്ങുകയും ശ്രദ്ധയോടെ സഹഗമിക്കുകയും ആശ്വാസം നൽകുകയും ചെയ്യുന്ന ലോഫിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്യുകയും, ഇടവക തലത്തിലും രൂപത തലത്തിലും വിവിധ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ലോഫ് ഔട്ട് റീച്ച് മിനിസ്ട്രി മുന്നോട്ട് പോകുന്നത്.

ലോഫിന്റെ പ്രവർത്തനങ്ങൾ ഇടവക തലത്തിൽ എത്തിക്കുന്നതിന്റെ ഭാഗമായി ലോഫ് പ്രതിമാസ ആത്മീയ കൂട്ടായ്മ എല്ലാ രണ്ടാം ശനിയാഴ്ചയും വൈകിട്ട് 6.30 മുതൽ 8.30 വരെ വിവിധ ഇടവകകളിൽ സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 12 ന് കുരിയച്ചിറ സെന്റ് ജോസഫ് പള്ളിയിലായിരിക്കും ലോഫ് പ്രതിമാസ ആത്മീയ കൂട്ടായ്മ നടക്കുന്നത്. അതോടൊപ്പം എല്ലാമാസവും നടത്തുന്ന ലോഫ് ദമ്പതി ധ്യാനത്തിന്റെ വിജയത്തിനായി ഔട്ട് റീച്ച് ടീം കൂടുതൽ കുടുംബങ്ങളെ പങ്കെടുപ്പിക്കാനുള്ള പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ നടത്തുന്നു.

## Loaf prayer



ഓ! സ്നേഹനിധിയായ ഈശോനാഥാ, ഞങ്ങളേയും ലോകത്തിലെ എല്ലാ കുടുംബങ്ങളെയും അങ്ങയുടെ തിരുഹൃദയത്തിന് ഞങ്ങൾ സമർപ്പിയ്ക്കുന്നു. അനാദിയിൽ അങ്ങ് വിഭാവനം ചെയ്ത കുടുംബമായി തീരുവാനും അങ്ങേ വിശുദ്ധിയിലേക്ക് വളരുവാനും ഞങ്ങളെ അനുഗ്രഹിക്കേണമെ.

അനുദിന ജീവിതത്തിലെ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ! ഞങ്ങൾ ഓരോരുത്തരേയും കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനായി അങ്ങയുടെ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഉപകരണങ്ങളാക്കണമേ!

ദൈവത്തിന്റെ പരിശുദ്ധ ജനനീ, ഞങ്ങളെ അങ്ങയുടെ വിമല ഹൃദയത്തിന് പ്രതിഷ്ഠിക്കുന്നു. ഞങ്ങളുടെ കുടുംബങ്ങളിൽ അങ്ങേ പ്രിയപുത്രനായ ഈശോയുടെയും അവിടുത്തെ സത്യസഭയുടെയും പഠനങ്ങൾ പ്രാവർത്തികമാക്കുവാൻ മാദ്ധ്യസ്ഥം വഹിക്കണമേ!

വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയേ!
കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ!

വി. മറിയം ത്രേസ്യായേ!
ഞങ്ങൾക്കുവേണ്ടിപ്രാർത്ഥിക്കേണമേ!

വി. ജിയന്നായേ!
കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ!

1 സ്വ. 3 നന്മ. 1 ത്രിത്വ.

# Kid's Corner



Jef John Vijo



Juan Jerry



Francis Sony



Fred Sony




Mary Sebastian



Sera Sebastian and Antony Sebastian













The Lord of all that's there
Perfect in every way

You love me every day
Through the day
Through the night
You rid me of all my fright

You're angels watch
Every step I take
To prevent me from making
a mistake.
My God, my wonderful Lord.

Shane Salish

O gaurdian angel
O gaurdian angel
My dear angel
With you I fly

O gaurdian angel
Your sword and yourshield
Will protect me from bad deeds

And then my heart will
Follow yours, from the
Dark to the light
(O gaurdian angel)

Our God Jesus
and you my dear gaurdian angel
Will know which path to walk
Me through my life
(O gaurdian angel)

Song by Sarah Jane Salish

# Greetings

## 25th wedding anniversary



ബ്രിസ്റ്റോ – റീന ദമ്പതികൾക്ക് ലോഫ് കുടുംബത്തിന്റെ അനുമോദനങ്ങൾ...



ലോഫ് കുടുംബമായ സെബാസ്റ്റ്യൻ – സിനി ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസ തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്തിന്റെ കാർമികത്വത്തിൽ തിരൂർ പള്ളിയിൽ വച്ച് നടന്നു...

Edited and published online by Media Ministry of the Legion of Apostolic Families, Archdiocese of Trichur